Draft #6 of File 55887/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 23-Apr-2022 02:43 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 21.04.2022, 12.00 പി.എം ന് ബഹു. പ്രൊ- വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന CAT 2022 മോണിറ്ററിംഗ് സമതി യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4211/AC B 7/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.04.2022

---

*പരാമർശം:*-(1) സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 21.04.2022, 12.00 പി.എം ന് ബഹു. പ്രൊ- വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന CAT 2022 മോണിറ്ററിംഗ് സമതി യോഗം.

**ഉത്തരവ്**

മേൽ സൂചന പ്രകാരം ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ സ്വീകരിച്ചു.

1. പൊതു പരീക്ഷകളിൽ പാലിക്കേണ്ട കോവിഡ് -19 പ്രോട്ടോകോൾ സംബന്ധിച്ച് സംസ്ഥാന/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് CAT 2022 പരീക്ഷ നടത്തുവാനും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 500 ൽ താഴെ അപേക്ഷകരുള്ള പരീക്ഷാ കേന്ദ്രങ്ങൾക്ക് പ്രതിദിനം 2250/- രൂപയും 500 ന് മുകളിൽ അപേക്ഷകരുള്ള പരീക്ഷാ കേന്ദ്രങ്ങൾക്ക് പ്രതിദിനം 2750/- രൂപയും അനുവദിക്കുവാനും പരീക്ഷാ ഹാളിൽ 30 വിദ്യാർത്ഥികളെ വീതം പ്രവേശിപ്പിച്ച് പരീക്ഷാ നടത്തുവാനും ശിപാർശ ചെയ്യുന്നു.

2 . CAT 2022 പരീക്ഷാ നടത്തുവാൻ നിശ്ചയിച്ചിരുന്ന തീയതികളായ മെയ് 28 ന് സി.ബി.എസ്.ഇ പരീക്ഷയും മെയ് 29 ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പത്താംതര പൊതു പ്രവേശന പരീക്ഷ എന്നിവ നടക്കുന്നതിനാൽ ഒന്നിൽ കൂടുതൽ പരീക്ഷകൾ ഒരേ ദിവസം നടക്കുന്നത് മൂലം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി CAT ൽ ഉൾപ്പെട്ട യു.ജി പ്രോഗ്രാമുകളുടെ മാത്രം പരീക്ഷ മെയ് 29 ലേക്ക് മാറ്റിക്കൊണ്ട് CAT 2022 മെയ് 27, 28, 29 തീയതികളിൽ നടത്തുന്നതിൻറെ സാധുത പരിശോധിക്കുവാൻ ശിപാർശ ചെയ്യുന്നു.

3. CAT 2022 ന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2022 മെയ് 7, 04.00 പി.എം വരെ ദീർഘിപ്പിക്കുവാനും ശുപാർശ ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #6 of File 55887/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 23-Apr-2022 02:43 PM - Page 2

4. ചോദ്യ ബാങ്കിൽ ചോദ്യങ്ങൾ ചേർക്കുന്നതിനുള്ള നടപടികൾ 2022 ഏപ്രിൽ 30 നകം പൂർത്തീകരിക്കേണ്ടതും ഓൺലൈൻ ചോദ്യ ബാങ്കിലൂടെ അല്ലാതെ ചോദ്യങ്ങൾ സമർപ്പിക്കുവാൻ അനുമതി നൽകിയിട്ടുള്ള പ്രോഗ്രാമുകളുടെ 2 സെറ്റ് ചോദ്യങ്ങൾ ഏപ്രിൽ 30 നകം ഹാർഡ് കോപ്പിയായോ സോഫ്റ്റ് കോപ്പിയായോ പരീക്ഷാ കോൺട്രോളറുടെ കൈവശം ഏൽപ്പിക്കുവാൻ ബന്ധപ്പെട്ട പഠന വകുപ്പ് മേധാവിമാർക്ക് നിർദേശം നൽകുവാൻ ശിപാർശ ചെയ്യുന്നു.

5. CAT 2022 സംബന്ധിച്ച അറിയിപ്പ് സർവ്വകലാശാല വെബ്സൈറ്റിലും ടെലിവിഷനിലും സ്ക്രോൾ മെസ്സേജ് ആയി കാണിക്കുന്നതിനും പത്രങ്ങളുടെ എല്ലാ എഡിഷനിലും വാർത്ത വരത്തക്ക രീതിയിൽ നടപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

6. CAT 2022 നടക്കുന്ന വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷാ ജോലികളുടെയും അനുബന്ധപ്രവർത്തനങ്ങളുടെയും ചുമതല വഹിക്കുവാൻ സന്നദ്ധരായ അധ്യാപക അനധ്യാപക ജീവനക്കാരെ കണ്ടെത്തുന്നതിനായി സമ്മതപത്രം ക്ഷണിക്കുവാൻ ശിപാർശ ചെയ്യുന്നു.

7. CAT 2022 നടക്കുന്ന വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷയ്ക്കുള്ള സാധന സാമഗ്രികളും ജീവനക്കാരെയും കൊണ്ടുപോകുന്നതിനായി അനുയോജ്യമായ വാഹനങ്ങൾ അനുവദിക്കുവാൻ ശിപാർശ ചെയ്യുന്നു.

8. LinkedIn, Facebook, Instagram, Twitter എന്നീ നവ മാധ്യമങ്ങളിൽ കൂടി CAT 2022 സംബന്ധിച്ച അറിയിപ്പ് നൽകുവാൻ ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) എല്ലാ പഠന വകുപ്പ്/ഇൻ്റർ സ്കൂൾ സെൻ്റർ മേധാവിമാർക്ക് (ഉത്തരവ് 4 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്
(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക് )

(6) എ.ഡി.ബി 5 (ഉത്തരവ് 7 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)

(7) എ.ആർ 21 പരീക്ഷ (ഉത്തരവ് 4 അനുസരിച്ച് സ്വീകരിക്കേണ്ട നടപടികൾ വിലയിരുത്തുന്നതിനായി)

(8 ) പി.ആർ.ഒ (ഉത്തരവ് 5,8 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)

(9) ഐ.റ്റി സെൽ (ഉത്തരവ് 3,8 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)

(10) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ (ഉത്തരവ് നമ്പർ 5 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)

(11 ) CAT 2022 മോണിറ്ററിംഗ് സമതി അംഗങ്ങൾക്ക്

(12) സർവ്വകലാശാല വെബ്സൈറ്റ്

Draft #6 of File 55887/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 23-Apr-2022 02:43 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം